**കേരള സർക്കാർ**

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**നം.ഉപ.സി.1 /41/2023-ഉഭപവ** **തിരുവനന്തപുരം, തീയതി : 19.09.2023**

**സർക്കുലർ**

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - ജീവനക്കാര്യം - 2022 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക ഫയൽ ചെയ്യാത്ത ജീവനക്കാർക്ക് SPARK മുഖാന്തിരം ഫയൽ ചെയ്യുന്നതിന് സമയം നീട്ടി നൽകുന്നത്-സംബന്ധിച്ച്.

സൂചന :- 03.07.2023 ലെ ഉപ.സി.1 /26/2023-ഉഭപവ നമ്പർ സർക്കുലർ.

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 37, 39 എന്നിവ പ്രകാരം വാർഷിക സ്വത്ത് വിവര പത്രിക സമർപ്പിക്കാത്ത ജീവനക്കാർക്കെതിരെ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

2022 കലണ്ടർ വർഷത്തിലെ സ്വത്ത് വിവര പത്രിക ഫയൽ ചെയ്യാത്ത ജീവനക്കാർക്ക് ആയത് SPARK സോഫ്റ്റ് വെയർ മുഖാന്തിരം ഓൺലൈനായി ഫയൽ ചെയ്യുന്നതിന് **ഈ ഉത്തരവ് തീയതി മുതൽ പത്ത് ദിവസത്തെ സമയം കൂടി അനുവദിച്ചു നൽകുന്നു.**

ജീവനക്കാർക്ക് SPARK സോഫ്റ്റ് വെയർ മുഖാന്തിരം സ്വത്ത് വിവര പത്രിക ഓൺലൈനായി സമർപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ധനകാര്യ (ITSF) വകുപ്പ് നടത്തേണ്ടതാണ്.

**രാജീവൻ.എ.പി.**

**ജോയിന്റ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ്

ധനകാര്യ (ITSF ) വകുപ്പ്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in ) എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ